കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 8 | ജൂലായ് 31 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 മുഹമ്മയിൽ 640 കേന്ദ്രങ്ങളിൽ കൃഷിയിറക്കും– കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

3 സംസ്ഥാന സർക്കാറിന് വേണ്ടി നഞ്ചിയമ്മയ്ക്ക് ആദരം അർപ്പിച്ച് കൃഷി വകുപ്പ് മന്ത്രി

6 പഴം പച്ചക്കറികൾ ഇനി ശീതീകരിച്ച വാഹനങ്ങളിൽ

# ആരോഗ്യമുള്ള അട്ടപ്പാടി, സർക്കാറിന്റെ ലക്ഷ്യം – കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്



അട്ടപ്പാടിയിലെ ആദിവാസി ഗോത്ര വിഭാഗങ്ങളെ ആരോഗ്യമുള്ള ഒരു ജനതയാക്കി മാറ്റിയെടുക്കുന്നതിനു സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്.

അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടമായി നടപ്പിലാക്കുന്ന അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ചീരക്കടവിൽ നിർമിച്ച ചെറുധാന്യ സംസ്കരണ ശാലയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

ആദിവാസി ജനവിഭാഗത്തിന്റെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി, അട്ടപ്പാടിയുടെ തനത് കാർഷിക സാംസ്കാരിക പൈതൃകം തിരിച്ചു കൊണ്ടുവരുന്നതിനും ആദിവാസി ഗോത്ര സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. സൂപ്പർ ഫുഡ് എന്നറിയപ്പെടുന്ന ചെറു ധാന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ പോഷകാഹാരക്കുറവ് പരിഹരിക്കുവാനും ശിശു മരണം നിരക്ക് കുറച്ചു കൊണ്ടു വരുവാനും നമുക്ക് സാധിക്കും. ഇപ്പോൾ 73 ഊരുകളിലായി നടപ്പിലാക്കുന്ന ചെറു ധാന്യ കൃഷി 192 ഊരുകളിലേക്കും വ്യാപിപ്പിക്കുകയും ചെറു ധാന്യങ്ങളിൽ നിന്നുള്ള വിവിധങ്ങളായ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉന്നത നിലവാരത്തോടുകൂടി നിർമ്മിച്ച് അട്ടപ്പാടിയുടെ സ്വന്തം ബ്രാൻഡിൽ ആഗോള വിപണിയിൽ എത്തിക്കുവാനും സാധിക്കും. ചെറുധാന്യങ്ങൾ കർഷകരിൽ നിന്ന് സംഭരിക്കുന്ന സമയത്ത് തന്നെ പണം നൽകി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽനിന്ന് ആരംഭിക്കും. ഗോട്ട് ഫാമിൽ ലഭ്യമായ 5 ഏക്കർ സ്ഥലത്ത് ഇൻകുബേഷൻ സെന്റർ താമസിയാതെ തന്നെ പ്രാവർത്തികമാകും. വന്യമൃഗങ്ങളിൽ നിന്ന് കൃഷിക്കും മനുഷ്യർക്കും സംരക്ഷണം തീർക്കുന്നതിനുള്ള ശാസ്ത്രീയമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉണ്ടാകും.

അട്ടപ്പാടി ഗോത്ര വർഗ്ഗക്കാരുടെ പരമ്പരാഗത വിത്തുകൾ നിലനിർത്തുന്നതിനും അവ ലഭ്യമാക്കുന്നതിനും മറ്റു കർഷകർക്ക് കൈ മാറുന്നതിനും വേണ്ടി 14 ലക്ഷം രൂപ ചിലവഴിച്ച് 4 ഊരുകളിൽ വിത്ത് ബാങ്ക് നിർമ്മിക്കുകയും 8 ഊരുകളിൽ കൂടി വിത്ത് ബാങ്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. പൂർണ്ണമായും ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ ആരംഭിച്ചിട്ടുണ്ട്.

റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് ചെറുധാന്യ കർഷകരുടെ ഒരു ഉത്പാദക സംഘം അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലെറ്റ്സ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മണ്ണാർക്കാട് എം എൽ എ അഡ്വ.

ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - ശ്രീകല എസ്.
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

എൻ ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ആദിവാസി കർഷക ഉത്പാദക കമ്പനിയുടെ ഓഹരി പത്രിക വിതരണ ഉദ്ഘാടനം മുൻ കൃഷിവകുപ്പ് മന്ത്രി അഡ്വ. വി. എസ് സുനിൽകുമാറും ജൈവ സാക്ഷ്യപത്ര വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മരുതി മുരുകനും നിർവ്വഹിച്ചു. ചടങ്ങിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് സ്വാഗതം പറഞ്ഞു. പ്രമുഖ ചെറുധാന്യ കർഷകരായ ശ്രീ. വേട്ട മൂപ്പൻ, ശ്രീ. മശണൻ മണ്ടി, ശ്രീമതി. ദീപാ ജയശങ്കർ എന്നിവരെ ചടങ്ങിൽ ആദരിച്ചു. മികച്ച ചലച്ചിത്ര പിന്നണി ഗായികയ്ക്കുള്ള ദേശീയ അവാർഡ് ജേതാവ് ശ്രീ. നഞ്ചിയമ്മയെ ചടങ്ങിൽ ആദരിച്ചു. കൃഷി വകുപ്പ് സെക്രട്ടറി ശ്രീ. ബി. അശോക് പദ്ധതി വിശദീകരണം നടത്തി. ഒറ്റപ്പാലം സബ് കലക്ടർ ശ്രീമതി. ധർമ്മലശ്രീ, പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ജ്യോതി അനിൽകുമാർ, ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. രാമമൂർത്തി, അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. അംബിക ലക്ഷ്മണൻ, അഗളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ലത തുടങ്ങി കൃഷി ഉദ്യോഗസ്ഥർ കർഷകർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു. പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ എ കെ സരസ്വതി നന്ദി പറഞ്ഞു.

# മുഹമ്മയിൽ 640 കേന്ദ്രങ്ങളിൽ കൃഷിയിറക്കും– കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

മുഹമ്മയിൽ ചിങ്ങം ഒന്ന് കർഷക ദിനത്തോടനബന്ധിച്ച് 640 കേന്ദ്രങ്ങളിൽ പുതുതായി കൃഷി ഇറക്കുമെന്ന് കൃഷിമന്ത്രി പി പ്രസാദ് പ്രഖ്യാപിച്ചു. മുഹമ്മ ആസാദ് എൽ പി സ്കൂളിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി നടന്ന സമ്പൂർണ്ണ കാർഷിക പ്രഖ്യാപനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മുഹമ്മ പഞ്ചായത്തിൽ 268 ഏക്കറിലായാണ് പുതുതായി കൃഷിയിറക്കുന്നത്. സമ്പൂർണ്ണമായി കൃഷിയിറക്കുന്ന ആദ്യ പഞ്ചായത്തായി മുഹമ്മ മാറണമെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ ക്യാൻസർ രോഗികളിൽ 35 മുതൽ 40 ശതമാനം വരെയുള്ള ആളുകൾക്ക് അസുഖം ബാധിക്കുന്നത് ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന വിഷാംശത്തിലൂടെയാണ്. അന്യസംസ്ഥാനത്തുനിന്നും വരുന്ന പച്ചക്കറികളിൽ 602 സാമ്പിളുകളിൽ കാർഷിക സർവകലാശാല നടത്തിയ പരിശോധനയിൽ 157 ഇനങ്ങളിൽ വിഷാംശം വളരെ കൂടുതലായാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിന് പ്രതിവിധിയായി നമ്മുടെ വീട്ടിലേക്ക്




ആവശ്യമുള്ള പച്ചക്കറികൾ നമ്മൾക്ക് തന്നെ ഉത്പാദിപ്പിക്കാൻ സാധിക്കണം. ചെറു ധാന്യങ്ങൾ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തുവാനും അത് നമുക്ക് കൂടുതലായി ഉല്പാദിപ്പിക്കാനും സാധിക്കണമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ.ജി. രാജേശ്വരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ.ഡി. മഹീന്ദ്രൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. വി. ഉത്തമൻ, അസിസ്റ്റൻറ് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. സുജ ഈപ്പൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എസ് ശ്രീകുമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ശ്രീ. പ്രശാന്ത് ബാബു, ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം എസ് ലത, അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ശ്രീ. ജി.വി. റെജി എന്നിവർ സംസാരിച്ചു. മുഹമ്മ പഞ്ചായത്ത് പ്രസിഡൻറ് സ്വപ്ന ഷാബു സ്വാഗതവും മുഹമ്മ കൃഷി ഓഫീസർ പി എം കൃഷ്ണ നന്ദിയും പറഞ്ഞു.

# സൈലേജ് ലഭ്യമാക്കുന്നതിന് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ജെഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റിലേയ്ക്ക് മൃഗസംരക്ഷണ വകുപ്പ് 2022-23 പ്ലാൻ ഫണ്ടിൽ (ഫീഡ് ആന്റ് ഫോഡർ) അനുവദിച്ച തുക ഉപയോഗിച്ച് ഗുണമേന്മയുള്ള (പി എച്ച് 3.3-3.7 നടയിലുള്ളതും) ഗോൾഡൻ യെല്ലോ നിറത്തോടുകൂടിയതും സ്വീറ്റ് സ്മെൽ ഉള്ളതും പൂപ്പൽ രഹിതമായതും രണ്ട് മാസക്കാലത്തോളം നിശ്ചിത ഗുണമേന്മ പാലിച്ച് ഉപയോഗിക്കാൻ കഴിയുന്നതുമായ മെയ്സ് സൈലേജ് (silage) ലഭ്യമാക്കുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നതായി ഫാമിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7907144318 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

# സംസ്ഥാന സർക്കാറിന് വേണ്ടി നഞ്ചിയമ്മയ്ക്ക് ആദരം അർപ്പിച്ച് കൃഷി വകുപ്പ് മന്ത്രി

സംസ്ഥാന സർക്കാറിന് വേണ്ടി മികച്ച ചലച്ചിത്ര പിന്നണി ഗായികുള്ള ദേശീയ പുരസ്കാരം കരസ്ഥമാക്കിയ ശ്രീമതി. നഞ്ചിയമ്മയ്ക്ക് ആദരം അർപ്പിച്ച് കൃഷി വകുപ്പ് മന്ത്രി. അട്ടപ്പാടി അഗളിയിൽ നഞ്ചിയമ്മയുടെ വീട്ടിൽ എത്തിയാണ് മന്ത്രി ആദരം അർപ്പിച്ചത്.

കേരളത്തിനാകെ അഭിമാനകരമായ നേട്ടമാണ് നഞ്ചിയുടെതെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. പ്രകൃതിയുമായി ഇണങ്ങി ജീവിച്ചുവന്നിരുന്ന നഞ്ചിയമ്മ പ്രകൃതിയുടെ സംഗീതവും നെഞ്ചിലേറ്റി ആരും അറിയാതെ നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു അയ്യപ്പനും കോശിയും എന്ന സിനിമയിലൂടെ "കലാക്കാത്ത" എന്ന് തുടങ്ങുന്ന നാടൻ പാട്ട് നെഞ്ചിയമ്മയുടെ ഹൃദയത്തിൽ നിന്ന് ഒഴുകിവരുമ്പോഴാണ് നഞ്ചിയമ്മയുടെ കഴിവ് ലോകം അറിയുന്നതും ആദരിക്കുന്നതും അംഗീകരിക്കുന്നതും. നഞ്ചിയമ്മ ഇന്ന് അട്ടപ്പാടിയുടെ മാത്രമല്ല നമ്മൾ മലയാളികളുടെ എല്ലാം അഭിമാനമാണ്. മന്ത്രി കൂട്ടിച്ചേർത്തു.

മന്ത്രിയോടൊപ്പം സാമൂഹിക രാഷ്ട്രീയ പ്രവർത്തകരും ആദരിക്കുന്ന ചടങ്ങിൽ സന്നിഹിതരായി.



# നഗരത്തിൽ കൃഷി കാരണവൻമാരുടെ കർക്കടകചന്ത

തിരുവനന്തപുരം മ്യൂസിയം വളപ്പിൽ നഗരവാസികൾക്ക് ഗ്രാമനിർവൃതിയുടെ പൈതൃക സന്ദേശം പ്രദാനം ചെയ്ത് ആനാട് കേരഗ്രാമം കേര സമിതി ഒരുക്കിയ കർക്കിടകചന്ത ശ്രദ്ധേയമായി. നാടൻ തെങ്ങിൻ തൈകളും, നാളികേരവും, പാക്കും വെറ്റിലയും സദ്യ വിളമ്പാൻ തൂശനിലയും, കായ്കറി പച്ചക്കറികളും, കിഴങ്ങുവർഗങ്ങളും, വിവിധ തരം മൂല്യവർദ്ധിത ഉല്പന്നങ്ങളുമൊക്കെ  ഗ്രാമചന്തയിലുണ്ടായിരുന്നു. ഒരിക്കൽ ദിനത്തിൽ നടന്ന ഈ പ്രഭാതചന്ത രാവിലെ ഏഴ് മണിയ്ക്ക് കേര സമിതി പ്രസിഡണ്ട് ശ്രീ. ബി .സുനിൽ രാജിന്റെ അധ്യക്ഷതയിൽ പ്രിൻസിപ്പൽ കൃഷി ആഫീസർ ശ്രീ. ബൈജു എസ്. സൈമൺ ഉദ്ഘാടനം



ചെയ്തു. കേര സമിതി സെക്രട്ടറി ശ്രീ. എം.ജയചന്ദ്രൻ നായർ, ശ്രീ. പുത്തൻ പാലം തിലക്, കൃഷി കാരണവർ കൂട്ടായ്മ സെക്രട്ടറി ശ്രീ. വേങ്കവിള രവീന്ദ്രൻ നായർ, കൃഷി ആഫീസർ ശ്രീ. എസ്. ജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.



തഴക്കര ഗ്രാമപഞ്ചായത്തും പൗൾട്രി വികസന കോർപറേഷനും സംയുക്തമായി പഞ്ചായത്തിൽ നടപ്പാക്കുന്ന വനിതാമിത്രം പദ്ധതിയുടെ വിതരണ ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി മാവേലിക്കര എം.എൽ.എ. ശ്രീ. എം.എസ്. അരുൺകുമാറിന്റെ അദ്ധ്യക്ഷതയിൽ നിർവഹിച്ചു.

# ആഫ്രിക്കൻ സ്വൈൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രതാ നിർദ്ദേശം

ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രതാ നിർദ്ദേശം

ആഫ്രിക്കൻ സൈ്വൻ ഫീവർ ഒരു ജന്തുജന്യ രോഗമല്ലാത്തതിനാൽ മനുഷ്യർ ആശങ്കപ്പെടേണ്ട കാര്യമില്ല. എന്നാൽ പന്നികളിൽ ഇത് അതീവ മാരകവും സാംക്രമികവും ആയതിനാൽ പന്നിവളർത്തൽ മേഖലയെ ഈ രോഗബാധയിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടത് അനിവാര്യമാണ്. അതിനാൽ പന്നിവളർത്തൽ കർഷകർ താഴെപ്പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## പന്നി ഫാമുകളിൽ പാലിക്കേണ്ട കാര്യങ്ങൾ (Dos)

1. കാട്ടുപന്നികളുടെയും അലഞ്ഞുതിരിയുന്ന പന്നികളുടെയും സമ്പർക്കം ഒഴിവാക്കണം.
2. പന്നി ഫാമിലേയ്ക്ക് വരുകയോ പോവുകയോ ചെയ്യുന്ന വാഹനങ്ങൾ കൃത്യമായി അണുനാശനം ചെയ്യുക. (2% വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറൈറ്റ്, സോഡിയം ഹൈഡ്രോക്സൈഡ്, പെർ അസറ്റിക് ആസിഡ്, കുമ്മായം, എന്നിവ അണുനാശിനികളായി ഉപയോഗിക്കാം)
3. പന്നി ഫാമിലേയ്ക്കുള്ള സന്ദർശകരെ നിജപ്പെടുത്തിയും അവരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുകയും വേണം.
4. പന്നി ഫാമിൽ പ്രവേശിയ്ക്കുന്നതിന് മുൻപ് ശുചിത്വം പാലിക്കുകയും കൈകൾ അണുനാശനം ചെയ്യുകയും വേണം.
5. പന്നി ഫാമിലേയ്ക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. പക്ഷികൾ ഫാമിൽ കയറാതിരിക്കാൻ വശങ്ങളിൽ നെറ്റ് ക്രമീകരിക്കേണ്ടതാണ്.
6. പന്നികളിൽ രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക.
7. പുതിയതായി ഫാമിലേയ്ക്ക് പന്നികുഞ്ഞുങ്ങളെ വാങ്ങുന്നത് താത്കാലികമായി ഒഴിവാക്കുക.
8. പന്നി ഫാമിലെ തൊഴിലാളികളെ പന്നികളിലെ രോഗലക്ഷണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക. തൊഴിലാളികൾ മറ്റു ഫാമുകളിലേയ്ക്ക് പോകാൻ പാടുള്ളതല്ല.

## പന്നി ഫാമുകളിൽ ഒഴിവാക്കേണ്ട കാര്യങ്ങൾ (DONTs)

1. അറവുശാലകളിൽ നിന്നുള്ള മാലിന്യം പന്നികൾക്ക് ഭക്ഷണമായി നല്കുന്നത് ഒഴിവാക്കണം. അടുക്കള വേസ്റ്റും ഹോട്ടൽ വേസ്റ്റും പ്രത്യേകിച്ച് മാംസം അടങ്ങിയവ ഭക്ഷണമായി നല്കുന്നത് ഒഴിവാക്കണം. സസ്യഭോജനമാണെങ്കിലും 20 മിനിറ്റ് നേരം വേവിച്ച് മാത്രം ഹോട്ടൽ വേസ്റ്റ് ഭക്ഷിക്കാനായി പന്നികൾക്ക്നല്കുക.
2. പന്നിയിറച്ചിയും മറ്റ് പന്നിയുത്പന്നങ്ങളും ഫാമിലേയ്ക്ക് കൊണ്ടുവരുന്നതും ഫാമിൽ നിന്ന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതും ഒഴിവാക്കണം. ;
3. ഭക്ഷണ സാധനങ്ങൾ കൊണ്ടുവരുന്ന പാത്രങ്ങളിൽ നിന്നും ഭക്ഷണ വസ്തുക്കൾ ഫാമിലുള്ള പാത്രങ്ങളിലേയ്ക്ക് പകർന്ന ശേഷം അവ തിരികെ നല്കണം. പാത്രങ്ങൾ (ബിന്നുകൾ) കൈമാറാൻ പാടുള്ളതല്ല.

# അമേരിക്കയിൽ നിന്നുള്ള ചീസ് നിർമ്മാണ പരിശീലനം മണ്ണുത്തിയിൽ പൂർത്തിയായി



കേരള വെറ്ററിനറി സർവകലാശാലയും കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി നടപ്പിലാക്കുന്ന 'ബ്രെയിൻ ഗൈൻ ' പ്രോഗ്രാമിന്റെ ഭാഗമായി ' സംഘടിപ്പിച്ച ചീസ് നിർമ്മാണ പരിശീലനം വര്ഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിൽ പൂർത്തിയായി. സൗത്ത് ഡകോട്ട സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ശാസ്ത്രജ്ഞയായ ഡോ. മനീഷ എസ് മോഹന്റെ നേതൃത്വത്തിൽ 'ചെഡാർ', 'റിക്കോട്ട' ഇനത്തിലുള്ള ചീസുകളുടെ സാങ്കേതിക പരിജ്ഞാനം കേരളത്തിലെ ഈ മേഖലയിലുള്ള സംരംഭകർക്ക് പുതുമയായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 28 പേർ ഇതിൽ പങ്കെടുത്തു. പരിപാടിയിൽ വെറ്ററിനറി സർവകലാശാല വൈസ് ചാൻസലർ. ഡോ. എം. ആർ. ശശീന്ദ്രനാഥ് വിജ്ഞാന വ്യാപനത്തോടൊപ്പം ക്ഷീര മേഖലയിൽ സംരംഭകർക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ഉറപ്പ് നൽകി. ക്ഷീര മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന പുതു മാറ്റങ്ങളിൽ ചീസ് പോലുള്ള ഉത്പന്നങ്ങളുടെ സാധ്യതകളെ കുറിച്ചും പാശ്ചാത്യ രാജ്യങ്ങളോട് ചേർന്ന ശാസ്ത്ര സാങ്കേതിക വിദ്യകളിൽ കൈകോർക്കുമ്പോൾ ഉണ്ടാകുന്ന നേട്ടത്തെ കുറിച്ചും 'ബ്രെയിൻ ഗൈൻ' പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനും വെറ്ററിനറി സർവകലാശാല രെജിസ്ട്രാറും കൂടിയായ ഡോ. പി സുധീർ ബാബു സംസാരിച്ചു. വെറ്ററിനറി സർവകലാശാല ഡയറക്ടർ ഓഫ് അക്കാഡമിക്സ് ഡോ. സി . ലത , സംരംഭകത്വ വിഭാഗം മേധാവി ഡോ. ടി. എസ്. രാജീവ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഡയറി സയൻസ് ഫാക്കൽറ്റി ഡീൻ ഡോ. എസ്. എൻ. രാജാകുമാർ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. അസ്സോസിയേറ്റ് ഡീൻ ഡോ. ബീന എ. കെ, പ്രോഗ്രാം കോഡിനേറ്റർ ശ്രീമതി. അർച്ചന ചന്ദ്രൻ എന്നിവരും സംസാരിച്ചു.

# കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിന്റെ 59-ാം സ്ഥാപകാഘോഷം

59-ാം വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം ശ്രീകാര്യത്തെ കേന്ദ്ര കിഴങ്ങുവർഗ ഗവേഷണ സ്ഥാപനം ഈ കാലയളവിൽ 68 കിഴങ്ങുവർഗ്ഗ ഇനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. 19 മരച്ചീനി, 21 മധുരക്കിഴങ്ങ്, 17 കാച്ചിലിനങ്ങൾ, (10 അലാറ്റ, 5 വെള്ള കാച്ചിൽ, 2 നനകിഴങ്ങ്,) 2 ചേന, 8 ചേമ്പ്, 1 കൂർക്ക എന്നിവയാണ് ഇവിടെ വികസിപ്പിച്ച ഇനങ്ങൾ. കിഴങ്ങുവർഗങ്ങളുടെ 5500 പരം ജനുസ്സുകൾ കരുതലായി ഇവിടെ സംരക്ഷിച്ചുവരുന്നു കൂടാതെ കിഴങ്ങുവർഗ്ഗവിളകളുടെ കർഷക സൗഹാർദ്ദ ഉൽപാദനം, സംരക്ഷണം, സാങ്കേതികവിദ്യകൾ എന്നിവ ഇവിടെ നിന്നും വികസിപ്പിച്ചിട്ടുണ്ട്. വ്യവസായിക പ്രാധാന്യമുള്ള മരച്ചീനി പോഷകസമൃഷ്ടമായ മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ്, കൂവക്കിഴങ്ങ്, മറ്റു ചെറുകിഴങ്ങ് ഇനങ്ങൾ എന്നിവയിൽ ഇവിടെ ഗവേഷണം നടത്തുന്നു. കിഴങ്ങു വർഗ്ഗങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പ്രായോഗിക പരിശീലനവും ഇവിടെ നൽകിവരുന്നു അതിനായി ഇവിടെ ഒരു ടെക്നോ ഇൻകുബേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. വിവരസാങ്കേതികവിദ്യാ ഫലപ്രദമായി വിനിയോഗിച്ച് കർഷകർക്ക് സ്മാർട്ട് ഫാമിംഗ് പ്രയോജനപ്പെടുത്താം. അതിനായി വിവിധ ആപ്പുകൾ ഈ ഗവേഷണ സ്ഥാപനത്തിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും സ്മാർട്ട് ഫാമിംഗ് സാങ്കേതികവിദ്യ കർഷകർക്ക് ഉപയോഗിക്കാൻ സാധിക്കുന്നു.

ശ്രീകാര്യത്ത് നടന്ന ഉദ്ഘാടന ചടങ്ങ് എപിജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസിലർ ഡോ. രാജശ്രീ എം. എസ് ഉദ്ഘാടനം നിർവഹിച്ചു. ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ആനന്ദ് കുമാർ സിംഗ് ചടങ്ങിൽ അധ്യക്ഷം വഹിക്കും. ഐ സി എ ആർ അസി. ഡയറക്ടർ ജനറൽ ഡോ വിക്രമാദിത്യ പാണ്ഡ്യേ, കിഴങ്ങ് വിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. എം എൻ ഷീല, വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ ഷീലാ ഇമ്മാനുവേൽ, കേരള യൂണിവേഴ്സിറ്റി ഡിജിറ്റൽ സയൻസ് വിഭാഗം പ്രൊഫസർ ഡോ കെ ജി സതീഷ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പഴം പച്ചക്കറികൾ ഇനി ശീതീകരിച്ച വാഹനങ്ങളിൽ

കൃഷി വകുപ്പിന്റെ കാർഷിക വിപണി ശാക്തീകരിക്കൽ പദ്ധതിപ്രകാരം പഴം-പച്ചക്കറി വിപണനത്തിനായി ശീതീകരണ സംവിധാനം ഉള്ള 10 വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് കർമ്മം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് അങ്കണത്തിൽ നിർവഹിച്ചു.

ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഹോർട്ടികോർപ്പ്, കാർഷികോത്പാദക സംഘങ്ങൾ എന്നിവരാണ് ഗുണഭോക്താക്കൾ. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 50 ശതമാനം സബ്സിഡി നിരക്കിലും മറ്റ് ഏജൻസികൾക്ക് 100 ശതമാനം സബ്സിഡി നിരക്കിലും ആണ് വാഹനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ആകെ 19 വാഹനങ്ങൾ ഉള്ളതിൽ ആദ്യഘട്ടത്തിലെ 10 വാഹനങ്ങളാണ് ഇന്ന് നിരത്തിലിറങ്ങിയത്. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ ആണ് പദ്ധതി നിർവഹണ ഏജൻസി.



1200 സിസി യുള്ള റീഫർ വാനുകളാണ് വാഹനം. 800 കിലോഗ്രാം വരെ ഭാരം ചുമക്കാനുതകുന്ന വാഹനങ്ങളിൽ 6 മുതൽ 8 ഡിഗ്രി വരെ താപനിലയിൽ പഴം പച്ചക്കറികൾ 6 മണിക്കൂർ വരെ ഫ്രഷ് ആയി തന്നെ സൂക്ഷിക്കുവാനാകും. വിവിധ ജില്ലകൾക്ക് നൽകിയ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം നന്ദിയോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം ജില്ലാ കന്നുകാലി ആൻഡ് ഹോർട്ടികൾച്ചർ പ്രൊഡ്യൂസേഴ്സ് മാർക്കറ്റിംഗ് സൊസൈറ്റി ഇട്ടിവാ, പത്തനംതിട്ട എലത്തൂർ സർവീസ് സഹകരണ ബാങ്ക്, കോയിപ്ര ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, ആലപ്പുഴ ഭരണിക്കാവ് സർവീസ് സഹകരണ ബാങ്ക്, കഞ്ഞിക്കുഴി പിഡി എസ്, ഹോർട്ടികോർപ്പ്, കോട്ടയം നീലോർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, ഇടുക്കി മംഗളം സർവീസ് സഹകരണ ബാങ്ക്, 2. നെയ്ശ്ശേരി അഗ്രോ ഫുഡ് പ്രൊഡ്യൂസർ കമ്പനി.

കേരള സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തും കൂടി നടപ്പിലാക്കുന്ന 100 കോഴിയും കൂടും പദ്ധതിയുടെ ബ്ലോക്ക് തല ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിലിന്റെ അദ്ധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു.



# വിളനാശം കർഷകർ ചെയ്യേണ്ടതെല്ലാം

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

തി സംസ്ഥാനത്തുടനീളം കാലവർഷക്കെടുതി വലിയ നാശനഷ്ടങ്ങളാണ് കാർഷികമേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത്. അഞ്ചുദിവസം നീണ്ടുനിന്ന അതിതീവ്ര മഴയിലും മണ്ണിടിച്ചിലിലും ഇതുവരെ 53 കോടിയുടെ നാശനഷ്ടങ്ങൾ കാർഷിക മേഖലയിൽ പ്രാഥമിക റിപ്പോർട്ട് പ്രകാരം വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് വിവരങ്ങൾ അധികൃതരെ അറിയിക്കുന്നതിനും മറ്റു സഹായങ്ങളുമായി കൃഷിവകുപ്പ് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഇതിനകംതന്നെ കൺട്രോൾ സെന്ററുകൾ തുറന്നിട്ടുണ്ട്.

### വിളനാശം സംഭവിച്ചാൽ എന്ത് ചെയ്യണം?

പ്രകൃതിക്ഷോഭം നിമിത്തം കാർഷികവിളകൾക്ക് വിള നാശം സംഭവിക്കുകയാണെങ്കിൽ കർഷകർ പ്രസ്തുത വിവരം സമീപത്തെ കൃഷിഭവനിൽ അറിയിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. കർഷകർക്ക് നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ സംവിധാനത്തിലൂടെയോ വിവരങ്ങൾ അറിയിക്കാവുന്നതാണ്. www.aims.kerala.gov.in എന്ന വെബ്ബ് പോർട്ടലിലൂടെ വിവരം കർഷകർക്ക് കൃഷിഭവൻ അധികൃതരെ അറിയിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ലഭ്യമാണ്. AIMS ആപ്പ് ഇപ്പോൾ ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യമാണ്.

### കാർഷിക വിളകൾ എങ്ങനെ ഇൻഷ്വർ ചെയ്യാം?

മൂന്ന് തരം വിള ഇൻഷ്വറൻസ് പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രസർക്കാരുമായി സംയോജിച്ച് നടപ്പിലാക്കുന്ന PMFBY, RWBCIS എന്നിവയുമാണവ. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 27 ഇനം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### എങ്ങനെ അംഗമാകാം?

1. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് ഇതേ പോർട്ടലിൽ തന്നെ വിളകൾ ഇൻഷ്വർ ചെയ്യുന്നതിനായി അപേക്ഷിക്കാം.
2. കൃഷി ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധനയ്ക്കുശേഷം കർഷകന് തന്റെ മൊബൈൽ ഫോണിൽ ഒരു മെസ്സേജ് ലഭ്യമാകും.
3. മെസ്സേജിന്റെ അടിസ്ഥാനത്തിൽ കർഷകന് പ്രീമിയം തുക ജില്ലാ സഹകരണ ബാങ്കിലോ ഗ്രാമീണ ബാങ്ക് ശാഖകളിലുമോ അടയ്ക്കാം. അടച്ചശേഷം ഓൺലൈനായി തന്നെ പോളിസിയും കരസ്ഥമാക്കാം.

### ആർക്കെല്ലാം അംഗമാകാം?

1. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് അവരുടെ വിളകൾ ഇൻഷ്വർ ചെയ്യാം.
2. നെൽകൃഷിക്ക് ഓരോ കർഷകനും പ്രത്യേകമായോ ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ പദ്ധതിയിൽ അംഗമാകാം.

### നിബന്ധനകൾ എന്തെല്ലാം?

1. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്കു ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ.
2. വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണ നാശത്തിനു മാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല. എന്നാൽ നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നാശനഷ്ടം ഉണ്ടായാൽ ആയത് പൂർണ നാശനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം ലഭിക്കുന്നതാണ്.
3. കൃഷിഭൂമിയിലെ വിളകൾ പൂർണമായി ഇൻഷ്വർ ചെയ്യണം.

### എയിംസ് പോർട്ടൽ സേവനങ്ങൾ

a. കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി വെബ് പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം.
b. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കാളിയാകാൻ നേരിട്ട് അപേക്ഷ സമർപ്പിക്കാം.
c. സംസ്ഥാന വിള ഇൻഷ്വറൻസ്

- വിളകൾ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ 10 ദിവസത്തിനുള്ളിലും ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനുള്ളിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- സ്ഥലപരിശോധന കഴിയുംവരെ നാശനഷ്ടം സംഭവിച്ച വിളകൾ അതേപടി നിലനിർത്തേണ്ടതാണ്.
- അർഹമായ നഷ്ടപരിഹാരം ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്കായിരിക്കും നിക്ഷേപിക്കുക.

### കർഷക രജിസ്ട്രേഷൻ

AIMS പോർട്ടൽ വിവിധ സേവനങ്ങൾക്കായി ഉപയോഗിക്കുന്നതിനായി കർഷകർ ആദ്യം തന്നെ www.aims.kerala.gov.in എന്ന പോർട്ടലിൽ കർഷക രജിസ്ട്രേഷൻ നടത്തിയി രിക്കേണ്ടതാണ്. കർഷകന്റെ ഫോട്ടോ, ഭൂമിസംബന്ധമായ വിവരങ്ങൾ, ബാങ്ക് വിവരങ്ങൾ എന്നിവ അപ്‌ലോഡ് ചെയ്ത് കർഷക രജിസ്ട്രേഷൻ സ്വന്തമായോ അക്ഷയ സെന്ററുകൾ മുഖേനയോ കൃഷിഭവൻ മുഖാന്തിരമോ ചെയ്യാവുന്നതാണ്. കർഷക രജിസ്ട്രേഷൻ നടത്തിയതിന് ശേഷം ലഭിക്കുന്ന യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ചായിരിക്കണം കർഷകർ പിന്നീട് വിളനാശം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റു ആവശ്യങ്ങൾക്കുമായി AIMS പോർട്ടലിൽ പ്രവേശിക്കേണ്ടത്.

പദ്ധതി പ്രകാരം പോർട്ടൽ വഴി ഇൻഷ്വർ ചെയ്ത വിളകൾക്ക് പ്രകൃതി ക്ഷോഭം വന്യജീവികളുടെ ആക്രമണം, രോഗ കീടബാധ എന്നിവമൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം.

d. പ്രകൃതിക്ഷോഭത്തിൽ വിള നാശം സംഭവിച്ചാൽ സംസ്ഥാന കേന്ദ്ര സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിക്കാം.

e. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷിഭവനെ അറിയിക്കാം.

f. നെൽകൃഷിക്കു യോഗ്യമായ നിലത്തിന്റെ ഉടമകൾക്കുള്ള റോയൽറ്റി ആനുകൂല്യത്തിനായി അപേക്ഷിക്കാം

g. കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതിയിൽ അംഗമാകാൻ അപേക്ഷിക്കാം.

2 പോർട്ടൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് aimsagrikerala@gmail.com എന്ന ഇമെയിൽ വഴിയോ നിങ്ങളുടെ കൃഷിഭവനിലോ ബന്ധപ്പെടാവുന്നതാണ്

# മാലിന്യങ്ങൾ വലിച്ചെറിയാതെ അസംസ്കൃത വസ്തുക്കളായി മാറ്റാൻ കഴിയണം : മന്ത്രി ശ്രീ.പി.പ്രസാദ്

## ജൈവവള നിർമാണ യൂണിറ്റും കോക്കനട്ട് നഴ്സറിയിലെ ഇൻപുട്ട് സ്റ്റോറും ഉദ്ഘാടനം ചെയ്തു

മാലിന്യങ്ങൾ വലിച്ചെറിയാനുള്ളതല്ലെന്നും അത് മറ്റൊരു ഉൽപ്പന്നം ഉണ്ടാക്കിയെടുക്കാനുള്ള അസംസ്കൃത വസ്തുവാക്കി മാറ്റാൻ കഴിയണമെന്നും കാർഷിക വികസന - കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. മരടിലെ കാർഷിക നഗര മൊത്ത വ്യാപാര വിപണിയിൽ ജില്ലാ പഞ്ചായത്ത് പുതുതായി നിർമ്മിച്ച ജൈവവള നിർമാണ യൂണിറ്റിന്റെയും സർക്കാർ കോക്കനട്ട് നഴ്സറിയിലെ ഇൻപുട്ട് സ്റ്റോറിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

മണ്ണിനു യാതൊരു ദൂഷ്യഫലങ്ങളുമില്ലാത്ത നൂറു ശതമാനം ജൈവവളം വിപണിയിലെത്തിക്കാനുള്ള ജില്ലാ പഞ്ചായത്തിന്റെ ശ്രമത്തിനു കൃഷി വകുപ്പിന്റെ എല്ലാവിധ സഹായങ്ങളും ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. മാർക്കറ്റുകളിലും കൃഷി ഫാമുകളിലും ഒരിഞ്ച് സ്ഥലം പോലും വെറുതെ കിടക്കുന്ന സാഹചര്യം ഇല്ലാത്ത തരത്തിൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. ഇതിനായി എല്ലായിടത്തു നിന്നും റിപ്പോർട്ടുകൾ ശേഖരിച്ചിട്ടുണ്ടെന്നും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.



പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതു കൃഷിയിടങ്ങളുമായി ബന്ധപ്പെട്ടാണ്. വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിൽ എത്ര ഉൽപാദിപ്പിക്കാൻ കഴിയും എന്നതിനനുസരിച്ചാകും സംഭരിക്കുന്നതും സംസ്ക്കരിക്കുന്നതും വിതരണം ചെയ്യുന്നതുമായ കാര്യങ്ങൾ നടപ്പാക്കുക. ചിങ്ങം ഒന്നിന്റെ ആഘോഷങ്ങൾ കൃഷിയിടങ്ങളിൽ നിന്നാകണം ആരംഭിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ ശ്രീ. കെ. ബാബു എം.എൽ.എ അധ്യക്ഷത വഹിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ്, വൈസ് പ്രസിഡന്റ് ശ്രീമതി. ഷൈനി ജോർജ്, മരട് നഗരസഭ ചെയർമാൻ ശ്രീ. ആന്റണി ആശാൻപറമ്പിൽ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ശ്രീമതി. റാണിക്കുട്ടി ജോർജ്, ശ്രീ. എം.ജെ ടോമി, സെക്രട്ടറി ശ്രീ. പി.എസ് ടിമ്പിൾ മാഗി, അംഗങ്ങളായ ശ്രീ. എ.എസ്. അനിൽ കുമാർ, ശ്രീ. മനോജ് മൂത്തേടൻ, ശ്രീമതി. ശാരദ മോഹൻ, ശ്രീമതി. ഷൈമി വർഗീസ്, ശ്രീമതി. ലിസി അലക്സ്, നഗരസഭ കൗൺസിലർ ശ്രീ. എ.കെ അഫ്സൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. രാജി ജോസ്, മരട് എ.യു.ഡബ്ല്യൂ.എം സെക്രട്ടറി ശ്രീമതി. ടി. ചിത്ര, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. തോമസ് സാമുവൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ. സുരേഷ്കുമാർ, സീനിയർ അഗ്രികൾച്ചറൽ ഓഫീസർ ശ്രീമതി. ആനി ആന്റണി, കുടുംബശ്രീ ജില്ല മിഷൻ കോർഡിനേറ്റർ ശ്രീമതി. പ്രീതി സുനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മരട് കാർഷിക നഗര മൊത്ത വ്യാപാര വിപണിയിലാണ് ജൈവ വള യൂണിറ്റും ഇൻപുട്ട് സ്റ്റോറും ആരംഭിച്ചത്. 42 ലക്ഷം രൂപ മുതൽ മുടക്കിൽ നിർമിച്ച ജൈവവള യൂണിറ്റിൽ ദിവസേന ഒന്നര ടൺ ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സൗകര്യമുണ്ട്. ഐ.ആർ.സി.ടിയാണ് ഇതിന് ആവശ്യമായ അത്യാധുനിക യന്ത്രം രൂപകൽപ്പന ചെയ്തിട്ടുള്ളത്. യന്ത്രത്തിലൂടെ കടത്തിവിടുന്ന ജൈവ മാലിന്യങ്ങൾ നുറുക്കിയെടുത്താണ് വളം നിർമ്മിക്കുന്നത്. കുടുംബശ്രീക്കാണ് പ്രവർത്തന ചുമതല. വൈറ്റില ഗവ. കോക്കനട്ട് നഴ്സറിയിലെ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് ഇൻപുട്ട് സ്റ്റോർ നിർമിച്ചത്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh